പുറപ്പെടുവിച്ചിട്ടുണ്ട്. ആധുനിക സാങ്കേതികവിദ്യ E-office സംവിധാനത്തിലൂടെ ഏർപ്പെടുത്തി വകുപ്പുകളിൽ ഫയൽ നീക്കം ത്വരിതഗതിയിലാക്കിവരുന്നു. ലിങ്ക് ഓഫീസർ സിസ്റ്റം നടപ്പിലാക്കിയതും ഫയൽനീക്കം ത്വരിതപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സേവനാവകാശ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ള സേവനങ്ങൾ ലഭ്യമാക്കുന്നതിനും ഫയലുകൾ തീർപ്പ് കൽപ്പിക്കുന്നതിനും സമയപരിധി നിശ്ചയിച്ചിട്ടുണ്ട്.

(സി) ഒരു വകുപ്പിലെ തപാൽ സെക്ഷനിൽ ഒരു പുതിയ തപാൽ വരുമ്പോൾ നൽകുന്നതാണ് തപാൽ നമ്പർ. ഇത് ഓരോ സെക്ഷനുകളിൽ എത്തുമ്പോൾ പുതിയ തപാൽ നമ്പർ നൽകുന്നില്ല. മറിച്ച് പുതിയ ഫയലുകളാക്കി മാറ്റുമ്പോൾ പുതിയ ഫയൽ നമ്പർ നൽകുന്നു. ഈ രണ്ട് നമ്പറും തികച്ചും വ്യത്യസ്തമാണ്. എന്നാൽ ഈ രണ്ടുനമ്പർ ഉപയോഗിച്ചും ഇ-ഓഫീസിലൂടെയും സിറ്റിസൺ ഇന്റർഫേസിലൂടെയും ഫയലിന്റെ തൽസ്ഥിതി വിവരം അറിയുവാൻ സാധിക്കും. സിറ്റിസൺ ഇന്റർഫേസ് http://eoffice.kerala.gov.in എന്ന URL മുഖാന്തരം ID, Password എന്നിവയില്ലാതെ തന്നെ ഇന്റർനെറ്റിലൂടെ ഫയൽ നീക്കം സംബന്ധിച്ച വിവരം ലഭ്യമാകുന്നതാണ്. നിയമവകുപ്പിൽ തപാൽ നമ്പർ വച്ചാണ് മുഴുവൻ ഫയലുകളിലും നടപടികൾ സ്വീകരിക്കുന്നത്. പ്രസ്തുത നമ്പർ വച്ചാണ് ഫയൽ സെർച്ച് ചെയ്യുന്നത്.

**മുല്ലപ്പെരിയാർ വിഷയത്തിൽ പ്രശ്നപരിഹാരം**

30 (*330) ശ്രീ. കെ. ജെ. മാക്സി:
ശ്രീ. കെ. സുരേഷ് കുറുപ്പ്:
ശ്രീ. എ. എം. ആരിഫ്:
ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളവും തമിഴ്നാടും സമവായത്തിലെത്തിയാൽ മുല്ലപ്പെരിയാറിൽ പുതിയ ഡാമാകാം എന്ന സുപ്രീംകോടതി വിധിയെ തുടർന്ന് ഇക്കാര്യത്തിൽ സമവായം ഉണ്ടാക്കാൻ കേന്ദ്ര സർക്കാരിനോട് സംസ്ഥാന നിയമസഭ 2014-ൽ ഏകകണ്ഠമായി ആവശ്യപ്പെട്ടതിന്റെയടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ എന്തെങ്കിലും ഇടപെടൽ നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(ബി) ജനങ്ങളുടെ ജീവനും സ്വത്തിനും ഉള്ള ഭീഷണി കണക്കിലെടുത്ത് ഭരണഘടനയുടെ അനുഛേദം 143 പ്രകാരമുള്ള അധികാരം പ്രയോഗിച്ചുകൊണ്ട് രാഷ്ട്രപതി ഈ വിഷയം സുപ്രീംകോടതിയ്ക്ക് റഫർ ചെയ്യണമെന്ന ആവശ്യത്തിൽ എന്തെങ്കിലും നടപടി ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) രാജ്യത്തെ ഐ.ഐ.ടി.-കൾ നടത്തിയ പഠന റിപ്പോർട്ട് യുക്തിരഹിതമായി തള്ളിയ പശ്ചാത്തലത്തിൽ അന്താരാഷ്ട്ര തലത്തിലുള്ള വിദഗ്ദ്ധ സംഘത്തെ ഉപയോഗിച്ച് പഠനം നടത്താൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ; ഡാമിന്റെ സുരക്ഷ സംബന്ധിച്ച പഠനം നടത്തുന്നത് സുപ്രീംകോടതി വിലക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ സംസ്ഥാനം ഇതിനായി അന്താരാഷ്ട്ര വിദഗ്ദ്ധ സമിതിയെ നിയമിക്കുന്ന കാര്യം പരിശോധിക്കുമോ; വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): (എ) ഇതുസംബന്ധിച്ച് കേന്ദ്ര സർക്കാരിൽ നിന്ന് ക്രിയാത്മകമായ ഇടപെടലുകളൊന്നും ഉണ്ടായിട്ടില്ല.

(ബി) സുപ്രീംകോടതിയിൽ കേരളത്തിന്റെ കേസ്സ് നടത്തുന്ന അഭിഭാഷകരിൽ നിന്നും ലഭിച്ച നിയമോപദേശത്തിൽ, മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സുരക്ഷയെപ്പറ്റിയുള്ള 2006-ലേയും 2014-ലേയും സുപ്രീംകോടതി വിധികളിൽ തീർപ്പ് കൽപ്പിച്ചിട്ടുള്ളതിനാൽ, രാഷ്ട്രപതി 143-ാം അനുച്ഛേദം അനുസരിച്ച് സുപ്രീംകോടതിയിലേയ്ക്ക് റഫർ ചെയ്യുന്നതിനുള്ള സാദ്ധ്യത വിരളമാണെന്നും, ഇനി റഫർ ചെയ്താൽ തന്നേയും സുപ്രീം കോടതി ഇത് പരിഗണനാർഹമല്ലെന്ന് പറഞ്ഞ് തിരിച്ചയയ്ക്കുകയോ അല്ലെങ്കിൽ അണക്കെട്ടിന്റെ സുരക്ഷയുമായി ബന്ധപ്പെട്ട് അന്തിമമായ തീർപ്പ് കൽപിച്ചതിനാൽ വീണ്ടും പരിഗണിക്കുന്നത് 'res judiciate'എന്ന നിയമതത്വ പ്രകാരം വിലക്കുള്ളതായി കണ്ടെത്തുകയോ ചെയ്യുവാനാണ് സാദ്ധ്യതയെന്നും അറിയിക്കുകയുണ്ടായി. കൂടാതെ അണക്കെട്ടിന്റെ സുരക്ഷയെ സംബന്ധിച്ച എല്ലാ കാര്യങ്ങളും പ്രസ്തുത വിധികളിൽ പരിഗണിച്ചതിനാൽ പുതിയതായി ഒരു സുരക്ഷാപ്രശ്നം ചൂണ്ടിക്കാണിക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ 143-ാം അനുച്ഛേദം അനുസരിച്ചുള്ള രാഷ്ട്രപതിയുടെ റഫറൻസിനുള്ള സാദ്ധ്യതയില്ലായെന്നാണ് നിയമവിദഗ്ദ്ധർ നൽകിയ ഉപദേശം. പ്രസ്തുത നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ ഇതുസംബന്ധിച്ച് തുടർനടപടി സ്വീകരിച്ചിട്ടില്ല.

Page 3 of 3

(സി) അന്താരാഷ്ട്ര തലത്തിലുള്ള വിദഗ്ദ്ധ സംഘത്തെ ഉപയോഗിച്ച് പഠനം നടത്തുന്നതിന് മുല്ലപ്പെരിയാർ അണക്കെട്ടിൽ സുരക്ഷ വിലയിരുത്തുന്നതിനായി വിവിധങ്ങളായ പരിശോധനകൾ നടത്തേണ്ടതുണ്ട്. നിലവിൽ മുല്ലപ്പെരിയാർ അണക്കെട്ടിന്റെ നിയന്ത്രണം തമിഴ്നാട് സർക്കാരിനായതിനാൽ അവരുടെ സമ്മതമില്ലാതെ പരിശോധനകൾ നടത്താൻ സാധിക്കുകയില്ല. അന്താരാഷ്ട്ര തലത്തിലുള്ള വിദഗ്ദ്ധ സംഘത്തെ ഉപയോഗിച്ച് പഠനം നടത്തുന്നത് സംബന്ധിച്ച സാദ്ധ്യതകൾ ആരാഞ്ഞുവരുന്നു.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### അഴിമതി കേസ്സുകളിൽ നടപടി

1(3123) <u>ശ്രീ. കെ. ബാബു :</u> താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം അഴിമതി കേസ്സുകളിൽ എത്ര സർക്കാർ ജീവനക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;വകുപ്പ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 150 സർക്കാർ ജീവനക്കാർക്കെതിരെ നടപടി സ്വീകരിക്കാൻ ശിപാർശ ചെയ്തിട്ടുണ്ട്. വകുപ്പ് തിരിച്ചുള്ള കണക്ക് അനുബന്ധമായി* ചേർക്കുന്നു.

### ലോക കേരളസഭ

2 (3124) <u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക കേരള സഭ യോഗം ചേർന്ന ഹാളിലെ സീറ്റിംഗ് ക്രമീകരണങ്ങൾക്ക് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയത്; ഈയിനത്തിൽ പ്രസ്തുത ഏജൻസിക്ക് എന്ത് തുക നൽകി;ടെൻഡർ വിളിച്ചാണോ പ്രസ്തുത ഏജൻസിയെ ചുമതലപ്പെടുത്തിയത്; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) ലോക കേരളസഭയിൽ പങ്കെടുത്ത എത്ര പ്രതിനിധികൾക്ക് വിമാന ടിക്കറ്റ് അനുവദിച്ച് നൽകി; അതിനായി എന്ത് തുക ചെലവഴിച്ചു;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly